## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**[ഹാജർ: അബുൽകലാം.എം]**

വിഷയം: തൊഴിൽ വകുപ്പ് - ഭരണ നിർവ്വഹണം - ഹെഡ് ക്ലാർക്ക്/ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:
1. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25.05.2021 തീയതിയിലെ ഇതേ നമ്പർ നടപടി ഉത്തരവ്
2. എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ 29.05.2021 തീയതിയിലെ ഇ/1215/2021 നമ്പർ കത്ത്
3. എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 01.06.2021 തീയതിയിലെ എ/51/2021 നമ്പർ കത്ത്
4. ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05.05.2021 തീയതിയിലെ ഇ2/19634/2016-ാം നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ. ഇ(2) 5175/2018 തിരുവനന്തപുരം, തീയതി: 10.06.2021**

---

ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ വായന (1) ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിലെ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറേറ്റിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.അനിൽകുമാർ.കെ.കെ.യ്ക്ക് ജൂനിയർ സൂപ്രണ്ടായി കോട്ടയം ജില്ലാ ലേബർ ഓഫീസിലേയ്ക്കും, എറണാകുളം ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.മോഹൻദാസ്.വി.യ്ക്ക് ജൂനിയർ സൂപ്രണ്ടായി തൃശൂർ ജില്ലാ ലേബർ ഓഫീസിലേയ്ക്കും സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു.

2. എറണാകുളം ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.മോഹൻദാസ്.വി., 29.05.2021 അപരാഹ്നത്തിൽ ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ചുമതലകളിൽ നിന്നും വായന (2) പ്രകാരം വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്.

3. എറണാകുളം, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജനിയർ സൂപ്രണ്ട് ശ്രീ.അനിൽകുമാർ.കെ.കെ 26.05.2021 അപരാഹ്നത്തിൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ചുമതലകളിൽ നിന്നും വായന(3) പ്രകാരം വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ എറണാകുളം, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലും, എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്.

5. മേൽ സ്ഥലംമാറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾ 28 (ബി) (ii) പ്രകാരം 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താഴെപറയും പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

6. ടി സ്ഥാനക്കയറ്റ ഉത്തരവ് വായന (4) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05.05.2021 തീയതിയിലെ ഇ2/19634/2016-ാം നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമം നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.സുബാഷ്.എം.യു, ഹെഡ് ക്ലാർക്ക്, (പെൻ:485213) ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | ജൂനിയർ സൂപ്രണ്ട്, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, എറണാകുളം | എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.അനിൽകുമാർ.കെ.കെ.യ്ക്ക് സ്ഥലംമാറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിൽ ശ്രീ.സുബാഷ്.എം.യു-ന്റെ ഹെഡ് ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാൽ കെ.എസ്.&എസ്.എസ്.ആർ പാർട്ട് II റൂൾ 28 (എ) യുടെ I & II Proviso പ്രകാരം ശ്രീ.സുബാഷ്.എം.യു-ന്റെ പ്രൊമോഷൻ യഥാകാലം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| 2 | ശ്രീ.മനോജ്.കെ.ജി, ഹെഡ് ക്ലാർക്ക്, (പെൻ:512713) ജില്ലാ ലേബർ ഓഫീസ്, വയനാട് | ജൂനിയർ സൂപ്രണ്ട്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം | എറണാകുളം ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.മോഹൻദാസ്.വി.ക്ക് സ്ഥലംമാറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിൽ ശ്രീ.മനോജ്.കെ.ജി യുടെ ഹെഡ് ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാൽ കെ.എസ്.&എസ്.എസ്.ആർ പാർട്ട് II റൂൾ 28 (എ) യുടെ I & II Proviso പ്രകാരം ശ്രീ.മനോജ്.കെ.ജി യുടെ പ്രൊമോഷൻ യഥാകാലം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

7. മേൽ സ്ഥാനക്കയറ്റം നൽകിയതുവഴി കാസർഗോഡ്, ജില്ലാ ലേബർ ഓഫീസിലും, വയനാട് ജില്ലാ ലേബർ ഓഫീസിലും ഹെഡ് ക്ലാർക്ക് തസ്തികയിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്.

8. മേൽ സ്ഥാനക്കയറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾ 28 (ബി) (ii) പ്രകാരം 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ ബേസിൽ താഴെപ്പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

9. ടി സ്ഥാനക്കയറ്റ ഉത്തരവ് വായന (4) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05.05.2021 തീയതിയിലെ ഇ2/19634/2016-ഠഠ നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനക്കയറ്റം | | | |
| --- | --- | --- | --- |
| ക്രമം നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | കുറിപ്പ് |
| 3 | ശ്രീമതി.പ്രിയ.വി, സീനിയർ ക്ലാർക്ക്, (പെൻ:512515) അസിസ്റ്റന്റ് ലേബർ ഓഫീസ്, പയ്യന്നൂർ, കണ്ണൂർ | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീ.സുബാഷ്.എം.യു വിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |
| 4 | ശ്രീമതി.റഹ്മത്ത്.കെ സീനിയർ ക്ലാർക്ക്, (പെൻ:492079) ജില്ലാ ലേബർ ഓഫീസ്, കോഴിക്കോട് | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, വയനാട് | വയനാട് ജില്ലാ ലേബർ ഓഫീസിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ.മനോജ്.കെ.ജി യെ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

10. നിയന്ത്രണാധികാരികൾ ടി ഉത്തരവുകൾ അടിയന്തിരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**ബന്ധപ്പെട്ടവർക്ക് (വെബ്സൈറ്റ് മുഖാന്തിരം)**

പകർപ്പ്:-

1) പി.എ റ്റു ലേബർ കമ്മീഷണർ
2) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, എറണാകുളം, കോഴിക്കോട്
3) ജില്ലാ ലേബർ ഓഫീസർ, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്
4) അസിസ്റ്റന്റ് ലേബർ ഓഫീസർ, പയ്യന്നൂർ, കണ്ണൂർ
5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
6) സീനിയർ സൂപ്രണ്ട് (ഇ)
7) ജൂനിയർ സൂപ്രണ്ട്(ഇ)
8) ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

**സീനിയർ സൂപ്രണ്ട് (ഇ)**

എസ്.ടി